fees, contributions, donations, sale proceeds of unwanted articles, private call charges in respect of office phone and other items of receipts of a miscellaneous nature. 22 State Sports Associations are attache l to the Kerala Sports Council at present.

(b) Rs. 1,25,961·26.

(c) In 1968-69 the rates sanctioned by the Council are given below—

Batta while travelling	Rs. 6·00
Batta while halting at the venue of the nationals	8·00
If they are in New Delhi, Calcutta, Bombay or Madras	12·00

(c) The Kerala Sports Council is considering the question.

LIBRARY ARCHIVES Kerala Legislative Assembly

ആറന്മുള സത്രം

87. [404] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത ആറന്മുള വള്ളംകളിക്കു മുമ്പായി ആറന്മുള സത്രത്തിലും പരിസരങ്ങളിലും ഉള്ള പണികൾ പൂർത്തിയാക്കണമെന്നു കാണിച്ച് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ദ്രുതഗതിയിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വള്ളംകളിയോടനുബന്ധിച്ച് 29-3-1969-ൽ സത്രം കോമ്പൗണ്ട് ഉപയോഗിക്കുന്നതിനനുവദിക്കണമെന്നും, സത്രത്തിന്റെ കിഴക്കേ പടിഞ്ഞാറും വശങ്ങളിൽ ഷെഡ്ഡുകൾ കെട്ടണമെന്നും കാണിച്ച് പള്ളിയോട സേവാസംഘത്തിന്റെ ഒരു നിവേദനം കിട്ടിയിട്ടുണ്ട്.

(ബി) മേല്പറഞ്ഞ നിവേദനത്തിലെ കാര്യങ്ങൾ ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കോവളത്തെ ഇൻറഗ്രേറ്റഡ് വികസനപദ്ധതി

88. [408] ശ്രീ. കെ. സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്തെ ഇൻറഗ്രേറ്റഡ് വികസനപദ്ധതിക്ക് അവസാനരൂപം നൽകിയോ; പദ്ധതിയുടെ പൂർണ്ണരൂപം എന്താണ്;

(ബി) എന്ന് പണി ആരംഭിക്കുമെന്നു പറയുമോ?

ഉത്തരം

(എ, ബി) അവസാനരൂപം നൽകിയിട്ടില്ല. പദ്ധതിയുടെ വിശദാംശങ്ങൾ കേന്ദ്ര ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. അതുകൊണ്ട് എന്ന് പണി ആരംഭിക്കുമെന്ന് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.